# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## പൂർണ്ണമായി സമർപ്പിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്യുന്ന പ്രാർത്ഥന-Sanctify




### പൂർണ്ണമായി സമർപ്പിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്യുന്ന പ്രാർത്ഥന

1)ആത്മാവ്, മനസ്സാക്ഷി, മനസ്സ്, ചിന്തകൾ, ഭാവനകൾ, ബുദ്ധി

ഈശോനാഥാ എന്റെ ആത്മാവിനെ ഞാൻ അങ്ങേ പക്കൽ സമർപ്പിക്കുന്നു. എന്റെ ആത്മാവിന് ദൈവാത്മാവുമായി ലയിച്ചുചേരുന്നതിന് തടസ്സമായിട്ടുള്ള എല്ലാ അശുദ്ധിയും അവിടുത്തെ തിരുരക്തത്താൽ വിശുദ്ധീകരിക്കണമേ.

എന്റെ മനസ്സാക്ഷിയെ ഞാൻ സമർപ്പിക്കുന്നു. എന്റെ മനസ്സാക്ഷിയിലുള്ള തെറ്റായ ബോദ്ധ്യങ്ങളെ അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. ഈശോയേ എന്റെ അബോധമനസ്സിനേയും ഉപബോധമനസ്സിനെയും സുബോധമനസ്സിനെയും ഞാൻ സമർപ്പിക്കുന്നു. എന്റെ മനസ്സിനേറ്റ മുറിവുകൾ അവിടുത്തെ തിരുകാസയിലേക്ക് ഞാൻ സമർപ്പിക്കുന്നു. യേശുവേ അവിടുത്തെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

ഈശോയേ എന്റെ ചിന്താശക്തിയേയും ഭാവനാശക്തിയേയും ഞാൻ സമർപ്പിക്കുന്നു. എന്റെ ചിന്തയിലും ഭാവനയിലും നിലകൊള്ളുന്ന അശുദ്ധിയുടെ മേഖലകളൊക്കെയും ഞാൻ സമർപ്പിക്കുന്നു. (ചിന്തയിലൂടെ ചെയ്തിട്ടുള്ള പാപങ്ങൾ മനസ്സിലേക്ക് കൊണ്ടുവരിക. അവയെക്കുറിച്ചോർത്ത് മനസ്തപിക്കുക.) എന്റെ ബുദ്ധിശക്തിയെ ഞാൻ സമർപ്പിക്കുന്നു. അവിടുത്തെ തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

ഗാനം

'തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ ഹൃദയം
തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ മനസ്സാക്ഷി'

## 2) ശരീരവും പഞ്ചേന്ദ്രിയങ്ങളും

എന്റെ ഈശോയേ എന്റെ ശിരസ്സിനെ ഞാൻ സമർപ്പിക്കുന്നു. (ശിരസ്സ് നമിക്കുക). എന്റെ ശരീരത്തെ മുഴുവനായി ഞാൻ സമർപ്പിക്കുന്നു. (ശരീരത്തിലെ എല്ലാ അവയവങ്ങളും വിശിഷ്യ അസുഖമുള്ള ഭാഗമുണ്ടെങ്കിൽ പ്രത്യേകമായും മനസ്സിൽ ഓർത്തു സമർപ്പിക്കുക). എന്റെ ശരീരഅവയവങ്ങൾ കൊണ്ട് ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും ഞാൻ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. എന്നോട് ക്ഷമിക്കണമേ. (പലപ്പോഴായി ചെയ്തിട്ടുള്ള പാപങ്ങളോർത്ത് ക്ഷമ ചോദിക്കുക) അവിടുത്തെ തിരുരക്തത്താൽ എന്റെ ശരീരത്തെ കഴുകി വിശുദ്ധീകരിക്കണമേ. അവിടുത്തെ തിരുരക്തത്തിന്റെ സംരക്ഷണം എനിക്കു തരണമേ.

ഈശോനാഥാ, എന്റെ പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് എന്നിവ ഞാൻ പ്രത്യേകം സമർപ്പിക്കുന്നു. എന്റെ കണ്ണുകളിലൂടെ കണ്ടിട്ടുള്ള അശുദ്ധമായ കാഴ്ചകളും കാതിൽക്കൂടി കേട്ടിട്ടുള്ള അശുദ്ധമായ സ്വരങ്ങളും എന്റെ നാവിലൂടെ പറഞ്ഞിട്ടുള്ള വേദനിപ്പിക്കുന്ന സംസാരങ്ങളും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും എന്നോട് ക്ഷമിക്കണമേ. (ഓരോ പാപവും ഓർത്ത് ക്ഷമ ചോദിക്കുക) അവിടുത്തെ തിരുരക്തത്താൽ കഴുകി എന്നെ ശുദ്ധീകരിക്കണമേ.

മിശിഹായുടെ ദിവ്യാത്മാവേ! എന്നെ ശുദ്ധീകരിക്കണമേ!
മിശിഹായുടെ തിരുശ്ശരീരമേ - എന്നെ രക്ഷിക്കണമേ!
മിശിഹായുടെ തിരുരക്തമേ - എന്നെ ലഹരി പിടിപ്പിക്കണമേ!
മിശിഹായുടെ തിരുവിലാവിലെ വെള്ളമേ - എന്നെ കഴുകണമേ!
മിശിഹായുടെ കഷ്ടാനുഭവമേ - എന്നെ ധൈര്യപ്പെടുത്തണമേ!
നല്ല ഈശോ - എന്റെ അപേക്ഷ കേൾക്കണമേ!
അങ്ങേ തിരുമുറിവുകളുടെയിടയിൽ - എന്നെ മറച്ചുകൊള്ളണമേ!
അങ്ങയിൽ നിന്ന് പിരിഞ്ഞുപോകുവാൻ - എന്നെ അനുവദിക്കരുതേ!
ദുഷ്ടശത്രുക്കളിൽ നിന്നും - എന്നെ കാത്തുകൊള്ളണമേ!
എന്റെ മരണനേരത്ത് - എന്നെ അങ്ങേ പക്കലേയ്ക്ക് വിളിക്കണേമ.
അങ്ങേ പരിശുദ്ധന്മാരോടുകൂടി നിത്യമായി അങ്ങയെ സ്തുതിക്കുന്നതിന് - അങ്ങേ അടുക്കൽ വരുവാൻ എന്നോട് കല്പിക്കണമേ.
ഹൃദയശാന്തതയും എളിമയുമുള്ള ഈശോ - എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

## തിരുവചനം

ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കുംഅടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനുവേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ (റോമാ 6:19).

നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ, ഇതായിരിക്കണം നിങ്ങളുടെ

യഥാർത്ഥമായ ആരാധന (റോമാ 12:1).

സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണ്ണമായി വിശുദ്ധീകരിക്കട്ടെ! നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങളുടെ ആത്മാവും ജീവനും ശരീരവും അവികലവും പൂർണവുമായിരിക്കാൻ ഇടയാകട്ടെ! (1 തെസലോനിക്ക 5:23).

+++